# മലങ്കര നസ്രാണി

The Way and the Lineage of St. Thomas




# എങ്ങിനെ പ്രാർത്ഥിക്കണം?

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**

പ്രാർത്ഥിക്കുവാൻ പഠിക്കേണ്ടിയിരിക്കുന്നു. അത് നീന്തൽപോലെയാണ്. ആദ്യ പ്രാവശ്യം വെള്ളത്തിൽ വീഴുമ്പോൾ നിങ്ങൾ മുങ്ങിപ്പോയേക്കാം. ഭൂമിയുടെ ആകർഷണശക്തി എന്ന തത്വം വ്യത്യാസം വരുത്തുവാൻ നിവൃത്തിയില്ലാത്തവിധം അന്തിമമാണെന്ന് അപ്പോൾ നിങ്ങൾക്ക് തോന്നിയേക്കാം. എന്നാൽ ചലനത്തിന്റെയും പൊങ്ങിക്കിടക്കുവാൻ സാധിക്കുക എന്നതിന്റെയുമായ മറ്റു തത്വങ്ങളുമുണ്ടെന്നതാണ് സത്യം. ഈ തത്വങ്ങളുടെയെല്ലാം വെറും അറിവിനു മാത്രം നിങ്ങളെ നീന്തൽ പഠിപ്പിക്കുവാൻ സാധിക്കുകയുമില്ല. ഒരുവൻ വെള്ളത്തിൽ ഇറങ്ങുകയും ആവർത്തിച്ചുള്ള പരിശീലനംകൊണ്ട് വെള്ളത്തിൽ പൊങ്ങിക്കിടക്കുവാനും വെള്ളത്തിനുപരിതലത്തിലൂടെയോ അടിയിലൂടെയോ ചലിക്കുവാനുമുള്ള കഴിവ് സമ്പാദിക്കുകയുമാണ് ചെയ്യുന്നത്. മാത്രമല്ല ചിലയാളുകൾ നീന്തുന്ന കാര്യത്തിൽ മറ്റുള്ളവരെക്കാൾ സമർത്ഥന്മാരാണ്, എന്തുകൊണ്ടെന്നാൽ അവർ തുടർച്ചയായുള്ള, പരിശീലനത്താൽ നീന്തൽ നിയമങ്ങൾ പഠിച്ച് നിപുണത നേടിയിരിക്കുന്നു.

പ്രാർത്ഥനയിലെ ആദ്യത്തെ തത്വം, നീന്തലിന്റേതുപോലെ, ആദ്യത്തെ മൂന്നുനാലു ശ്രമങ്ങളിൽ പരാജയപ്പെട്ടു എന്നതുകൊണ്ട് പരിശ്രമം ഉപേക്ഷിക്കരുത് എന്നുള്ളതാണ്. തുടർച്ചയായുള്ള പരിശീലനത്താൽ സംപ്രാപിക്കേണ്ട ഒരു ആത്മീയനൈപുണ്യമത്രെ പ്രാർത്ഥന.

രണ്ടാമത്തെ തത്വവും നീന്തലിന്റേതുപോലെ തന്നെ. അയച്ചുവിട്ടുകൊടുക്കുക എന്നു പറയാം. വെള്ളം നിങ്ങളെ താങ്ങുവാൻ അനുവദിക്കുക. ആകുല ചിന്താരഹിതരും ആശ്വസിക്കുന്നവരും ആയിത്തീരുക. പ്രാർത്ഥനയിൽ നമ്മെത്തന്നെ അങ്ങനെ വിട്ടുകൊടുക്കുവാൻ അനുവദിക്കേണ്ടതുണ്ട്, നാം സ്വസ്ഥരാകേണ്ടതുണ്ട്, ദൈവം നമ്മെ താങ്ങിക്കൊള്ളുമെന്നും നമ്മെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചുകൊള്ളുമെന്നും നാം പരിപൂർണ്ണമായും വിശ്വസിക്കേണ്ടതുണ്ട്.

പ്രാർത്ഥിക്കണമെന്ന് തോന്നുന്നില്ലെങ്കിലും പ്രാർത്ഥനയിൽ യാതൊരു സന്തോഷവും കിട്ടുന്നില്ലെങ്കിലും പ്രാർത്ഥനാശീലം തുടർന്നുകൊണ്ടേയിരിക്കണം. എന്നാൽ ഇന്ദ്രിയമോഹങ്ങളോടുള്ള നമ്മുടെ സ്വതഃസിദ്ധസ്നേഹവും,സുഖത്തോടും മടിയോടുമുള്ള നമ്മുടെ സ്വാർത്ഥസ്നേഹവും, പ്രാർത്ഥിക്കേണ്ടതില്ല എന്നതിന് അനേക ന്യായീകരണങ്ങൾ കണ്ടുപിടിച്ചുകൊണ്ട്, പ്രാർത്ഥനാശീലത്തെ നാം തടസ്സപ്പെടുത്തുവാൻ തക്കവണ്ണം കടന്നുവരും. "എനിക്ക് പ്രാർത്ഥിക്കുവാൻ തോന്നുന്നില്ല" എന്നോ, "പ്രാർത്ഥന കൊണ്ട് എനിക്ക് യാതൊരു പ്രയോജനവും കിട്ടുന്നില്ല" എന്നോ പറയുന്നതിൽ കാര്യമൊന്നുമില്ല. നിങ്ങൾക്ക് പ്രാർത്ഥനാസ്വഭാവം സമ്പാദിക്കുവാനും പ്രാർത്ഥനയിൽ യഥാർത്ഥത്തിൽ സന്തോഷം തോന്നിത്തുടങ്ങുവാനും വർഷങ്ങൾ തന്നെ വേണ്ടിവരും. പ്രാർത്ഥനയുടെ കലയിലും നൈപുണ്യത്തിലും ഒരുവന് പുരോഗതിയുണ്ടാകണമെങ്കിൽ, ശരീരത്തിന്റെ മടിയേയും ജഢമോഹങ്ങളെയും നിയന്ത്രിക്കുവാൻ തക്കവണ്ണം അവൻ തന്റെ ഇച്ഛാശക്തിയെ ബലപ്പെടുത്തേണ്ടിയിരിക്കുന്നു. നിത്യവുമുള്ള പരിശീലനം എന്നതിനുപരി നിങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്ന മറ്റൊരു കാര്യമില്ല.

നാലാമത്തെ തത്വം മൂന്നാമത്തേതിനോട് ബന്ധപ്പെട്ടതു തന്നെയാണ്: ഉപവാസത്താലും സ്വയസംയമനത്താലും പ്രാർത്ഥനാശിക്ഷണത്തെ പരിപുഷ്ടിപ്പെടുത്തിക്കൊണ്ടുവരുക. തന്റെ ആന്തരിക പാച്ചിലുകളെയും മോഹങ്ങളെയും നിയന്ത്രിക്കുവാൻ പഠിക്കുന്നതുവരെ മനുഷ്യൻ ദൈവത്തെപ്പോലെ സ്വതന്ത്രനും നല്ലവനുമായിത്തീരുന്നില്ല. വിശപ്പിൽനിന്നും ദാഹത്തിൽനിന്നും കോപത്തിൽനിന്നും അസൂയയിൽനിന്നും ലൈംഗികാസക്തിയിൽനിന്നും, മനുഷ്യപ്രശംസയ്ക്കും മുഖസ്തുതിക്കും ഉള്ള വാഞ്ചയിൽ നിന്നും ശാരീരിക വിക്ഷോഭത്തിനും ഇന്ദ്രിയ ഉദ്ദീപനത്തിനുമുള്ള ആഗ്രഹത്തിൽനിന്നും നമ്മുടെ സ്വതന്ത്ര ഇച്ഛക്കെതിരായി കാര്യങ്ങൾ നമ്മെക്കൊണ്ട് ചെയ്യിക്കുന്ന മറ്റെല്ലാ ആന്തരീയ കലക്കത്തിൽ നിന്നും വിമോചിതനായിരിക്കുക എന്നത് പ്രാർത്ഥനയ്ക്കുവേണ്ടിയുള്ള ഒരുക്കത്തിന് അത്യന്താപേക്ഷിതമാണ്. തങ്ങളുടെ ശരീരവും മാംസപേശികളും സിരകളും നല്ല നിലയിൽ സൂക്ഷിക്കുവാൻ വേണ്ടി ഒളിമ്പിക്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന നല്ല കായികാഭ്യാസികൾ വളരെ കർശനമായ സ്വയശിക്ഷണം പാലിക്കുന്നതുപോലെ പ്രാർത്ഥനാമനുഷ്യൻ അവന്റെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും നല്ല നില

യിലും ബോധപൂർവ്വമായ നിയന്ത്രണത്തിലും നില നിർത്തേണ്ടിയിരിക്കുന്നു.

നമ്മുടെ ശരീരം മുഴുവനും, മാത്രമല്ല മൂർത്തവസ്തുക്കൾ തന്നെയും പ്രാർത്ഥനാനടത്തിപ്പിൽ ഉപയോഗപ്പെടുത്തുക എന്നതാണ് അഞ്ചാമത്തെ തത്വം. പ്രാർത്ഥന സമ്പൂർണ്ണ മനുഷ്യനാണ് നിർവ്വഹിക്കുന്നത്, അതായത് ശരീരവും ആത്മാവും അരൂപിയും – അല്ലാതെ മനസ്സിന്റെ മാത്രമുള്ളൊരു ക്രിയയല്ല. അംഗവിന്യാസം, ഉച്ചാരണം, ക്രിയകൾ എന്നിവവഴി ശരീരത്തിന് പ്രാർത്ഥനയിൽ പങ്കുചേരുവാൻ സാധിക്കുന്നു.

**a. അംഗവിന്യാസം:-** കൈകൾ മേൽപ്പോട്ടുയർത്തിയോ അല്ലെങ്കിൽ നമസ്കാരത്തിന്റെയും ആരാധനയുടെയും ഭാവത്തിൽ കൈകൾ കെട്ടിയോ കിഴക്കോട്ടഭിമുഖമായി നിൽക്കുക എന്നതാണ് പൗരസ്ത്യ പാരമ്പര്യത്തിൽ പ്രാർത്ഥനയ്ക്കായുള്ള അംഗവിന്യാസം.

**b. ശ്രദ്ധാകേന്ദ്രം:-** ഒരു ബാഹ്യകേന്ദ്രം ഉണ്ടായിരിക്കുക എന്നതു നല്ലതാണ് – രണ്ടുവശത്തും മെഴുകുതിരികളോടുകൂടെ ഒരു കുരിശ്, ക്രിസ്തുവിന്റെയും വിശുദ്ധ കന്യകമറിയാമിന്റെയും വിശുദ്ധന്മാരുടെയും പടങ്ങളോ ഐക്കണുകളോ അല്ലെങ്കിൽ കുടുംബം മുഴുവനായി പാർത്ഥിക്കുവാൻ കൂടുന്ന മുറിയിൽ സ്ഥാപിക്കാവുന്ന വിപുലമായ ഒരു പ്രാർത്ഥനാപീഠം തന്നെയോ ആവാം. ക്രിസ്തുവിന്റെ ക്രൂശിതരൂപം തൂങ്ങുന്ന കുരിശുകൾ പാശ്ചാത്യപാരമ്പര്യത്തിൽപ്പെട്ടവയാണ്; അത് നമ്മുടെ പാരമ്പര്യത്തിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല. പടങ്ങളുടെ കാര്യത്തിൽ തന്നെ പൗരസ്ത്യ ഐക്കണുകൾ ഉപയോഗിക്കുന്നതാണ് ഏറ്റവും നല്ലത്. ക്രിസ്തുവിന്റെയും കന്യകമാതാവിന്റെയും 'തിരുഹൃദയചിത്രങ്ങൾ' ഒഴിവാക്കേണ്ടതാണ്; കാരണം ഇവ ലത്തീൻ മതഭക്തിയിലെ ഒരു പ്രത്യേക കാലഘട്ടത്തിന്റേതാണ്, ഒരു സമതുലിത ഭക്തിശീലത്തിന് സഹായകമായിരിക്കുന്നില്ല.

**c. വായും അധരങ്ങളും:-** ശരീരം പ്രാർത്ഥിക്കണം – മനസ്സു മാത്രം പോരാ. മനസ്സ് സദാസമയവും കേന്ദ്രീകരിക്കപ്പെടുന്നില്ലെങ്കിൽ തന്നെ നിങ്ങളുടെ വായും ചുണ്ടുകളും ദൈവസ്തുതികൾ പാടട്ടെ. ഏകാഗ്രത കൂടാതെ തന്നെയുള്ള വായുടെയും അധരങ്ങളുടെയും ചലനം തന്നെ ഒരു പ്രാർത്ഥനാക്രിയയാണ്. പ്രാർത്ഥന ഉരുവിടുന്നതിനേക്കാൾ പാടുന്നതാണ് നല്ലത്, എന്തെന്നാൽ കേവലം സംഗീതത്തിൽ തന്നെ ചില മാനുഷിക ചായ്വുകളും വാഞ്ചകളും പ്രകാശിതങ്ങളാണ്.


**d. മനഃപതർച്ച:-** മനഃപതർച്ചയുണ്ടാകുന്നതിനെ പറ്റി വേവലാതിപ്പെടേണ്ടതില്ല. മനസ്സ് അതിലെയും ഇതിലെയും ചുറ്റിതിരിയുകയാണ് എന്ന് ബോധവാനാകുന്ന നിമിഷത്തിൽ ആ പതറിയ മനസ്സുകൂടി ദൈവത്തിന് കാഴ്ച വെക്കുന്നതു വഴി അതിനെ തിരിച്ചുകൊണ്ടുവരിക. നമ്മെക്കുറിച്ചുള്ള നമ്മുടെ ഏറ്റുപറച്ചിലിന്റെ ഒരു ഭാഗമാണത്. "ഇതാണ് കർത്താവേ ഞാൻ; തടസ്സപ്പെടുത്തപ്പെട്ടവനും ഏകാഗ്രതയ്ക്ക് കഴിവില്ലാത്തവനും! എന്നെ ഞാനായിരിക്കുന്നവിധം ഇതാ നിനക്ക് ഞാൻ അർപ്പിക്കുന്നു. ശ്രദ്ധ തെറ്റിക്കപ്പെട്ട് അലയുന്ന എന്റെ മനസ്സിനെ കൈക്കൊണ്ട് നിന്റെ കൃപയാൽ അതിനെ സൗഖ്യപ്പെടുത്തേണമേ." ദൈവം നമ്മോട് ക്ഷമിക്കുകയും നമ്മെ പടിപടിയായി രൂപാന്തരപ്പെടുത്തുകയും ചെയ്യും.

**e. ചേഷ്ടകൾ:-** കുമ്പിടുക, തലകുനിക്കുക, കുരിശുവരയ്ക്കുക, സമാധാനം കൊടുക്കുക എന്നീ ഹസ്താദി ചലനങ്ങൾ ഉപയോഗിക്കുക. ഭാഷ എന്ന ഒരു മാധ്യമം മാത്രമല്ല നമുക്ക് ആശയവിനിമയത്തിനുള്ളത്. കൈ കെട്ടുക, തല കുനിക്കുക ഇവ നമസ്ക്കാരത്തിന്റെയും അനുഗ്രഹത്തിനായി കാത്തുനില്ക്കുക എന്നതിന്റെയും ഒരു അടയാളമാണ്. കൈകൾ മേലോട്ടുയർത്തുക എന്നതിന് അപേക്ഷ, അനുതാപം, മദ്ധ്യസ്ഥപ്രാർത്ഥന എന്നീ അർത്ഥങ്ങളാകാം. കുമ്പിടൽ സാഷ്ടാംഗ പ്രണാമ സദൃശമാണ്, സമ്പൂർണ്ണ കീഴടങ്ങലിന്റെ അടയാളവും; പൂർണ്ണവിശ്വാസത്തോടെ തങ്ങളെ ദൈവകരങ്ങളിൽ ഭരമേൽപ്പിക്കുക എന്നതുതന്നെ. കുരിശുവരയ്ക്കുക എന്നത്, നാം ക്രിസ്തുവിന്റെ ക്രൂശിനാൽ രക്ഷ പ്രാപിച്ചിരിക്കുന്നുവെന്നും ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുക തന്നെയാണെന്നും നമ്മെ സ്വയം ഓർമ്മിപ്പിക്കുവാനുള്ള ഒരു മാർഗ്ഗമാണ്. മൂന്നു വിരലുകൾ (തള്ളവിരൽ, ചൂണ്ടുവിരൽ, നടുവിരൽ) ഒന്നിച്ചുകൂട്ടി നെറ്റിയിൽ തൊടുവിച്ചിട്ട് (സർവ്വ ജീവന്റെയും നന്മയുടെയും ഉറവയായ ത്രിത്വത്തെ ദൃഷ്ടാന്തീകരിച്ചുകൊണ്ട്) നമ്മുടെ രക്ഷയ്ക്കു വേണ്ടി ദൈവപുത്രൻ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേയ്ക്കു അവരോഹണം ചെയ്തതിനെ കുറിക്കുവാൻ തക്കവണ്ണം നെഞ്ചിന്റെ താഴ്‌വശത്തേക്കു കൊണ്ടുവരിക, എന്നിട്ട് കുരിശിന്റെ ദിഗന്തസമാന്തരദണ്ഡിനെയും, ഇടത്തുഭാഗത്ത് അന്ധകാര സന്താനങ്ങളായിരുന്ന നാം ദൈവത്തിന്റെ വലത്തുഭാഗത്തെ പ്രകാശ സന്താനങ്ങളാംവിധം ഇപ്പോൾ കൊണ്ടുവരപ്പെട്ടിരിക്കുന്നു എന്നതിനേയും സൂചിപ്പിക്കുവാൻ തക്കവണ്ണം വിരലുകളെ ഇടത്തു തോളിൽ നിന്നും വലത്തുതോളിലേക്കു കൊണ്ടുവരുക. സമാധാനം കൊടുക്കുക എന്നത് പരസ്പര മാപ്പപേക്ഷയുടെയും സ്നേഹത്തിന്റെയും സൂചകമാണ്, കുടുംബാംഗങ്ങളുമായോ മറ്റു പുറത്തുള്ളവരുമായോ വന്നുപോയ മത്സരത്തിന്റെയും കോപത്തിന്റെയുമായ എല്ലാ അനുഭവങ്ങളെയും തുടച്ചുനീക്കുവാനുള്ളൊരു അവസരമാണത്.

വാക്കുകളേക്കാൾ വളരെ ആഴത്തിലേക്ക് ചെന്നെത്തുകയും വാക്കുകൾ അപൂർവ്വമായി മാത്രമേ ചെന്നെത്തൂ എന്ന ഉപബോധമനസ്സിനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഒരു ഭാഷയുടെ ഭാഗമാണ് ഈ എല്ലാ ഹസ്താദിചലനങ്ങളും.

*(പ്രാർത്ഥന എന്ത്? എന്തിന്? എങ്ങനെ?' എന്ന ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ)*

# ദാമ്പത്യമെന്ന തപസ്സ്



ഫാ. ഡോ. കെ. എം. ജോർജ്ജ്

**കു**ടുംബജീവിതം ഒരു അസംബന്ധ നാടകമാണെന്ന് കരുതുന്നവരുടെ എണ്ണം "ആഗോള സംസ്കാര"ത്തിൽ വർദ്ധിച്ചുവരുന്നു. കേരളത്തിലെ നസ്രാണികൾ സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയരുന്ന മുറയ്ക്ക് ഈ ആഗോള സംസ്കൃതി അവരെയും ആവേശിച്ചു തുടങ്ങിയിട്ടുണ്ട്. കുടുംബം കയ്പ്പാണ്, കുടുംബം ബന്ധനമാണ്, കുടുംബജീവിതം അറുബോറാണ് എന്നു പറയുന്ന ചെറുപ്പക്കാർ നമ്മുടെ സ്വന്തം മക്കളും സഹോദരങ്ങളുമാണ്. അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിലായിരിക്കാം അങ്ങനെ പറയുന്നത്. കുടുംബത്തിന്റെ പൊല്ലാപ്പുകൾക്കൊന്നും പോകാതെ, നമുക്കു അടിച്ചുപൊളിച്ചു ജീവിക്കാം എന്നാണ് പലരും ചിന്തിക്കുന്നത്. 'എനിക്ക് ജോലിയുണ്ട്. നിനക്കും ജോലിയുണ്ട്. കനത്ത ശമ്പളം രണ്ടുപേർക്കും. നിന്റെ കണക്ക് നീയും എന്റെ കണക്ക് ഞാനും സൂക്ഷിക്കാം. വേറെ വേറെ. നമുക്കു തോന്നുമ്പോൾ സഹവസിക്കാം. തോന്നുമ്പോൾ വേർപിരിയാം. ആരും ആരോടും കണക്കു ബോധിപ്പിക്കേണ്ട. ആരും ആരുടെയും കാര്യത്തിൽ ഇടപെടേണ്ട. ഇതാണ് സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യ സ്വർഗ്ഗത്തിൽ നമുക്ക് എല്ലാ സുഖങ്ങളും അനുഭവിച്ച് രമിക്കാം.' ഏതാണ്ടിങ്ങനെയാണ് പുതിയ സംസ്കാരം യുവജനങ്ങളോട് മന്ത്രിക്കുന്നത്.

നമ്മുടെ പരമ്പരാഗതമായ കുടുംബവ്യവസ്ഥ ഈ പുതിയ കാറ്റിന്റെ ആവേഗത്തിൽ ഒട്ടൊക്കെ ഇളകിത്തുടങ്ങി. തീർത്തും നിഷേധാത്മകമായി ഈ മാറ്റങ്ങളെ കരുതേണ്ട. നാം സ്വീകരിക്കേണ്ട ചില നല്ല മൂല്യങ്ങളെയും മുറകളെയുംപറ്റി പുതിയൊരു അവബോധം നൽകാൻ അവ സഹായിക്കും.

നമ്മുടെ അനുദിന ജീവിതത്തിന്റെ വാസ്തവം നമുക്കൊക്കെ അറിയാം. ജീവിതം നരകമാക്കി, കണ്ണീരിന്റെ കയ്പ്പുനീരിറക്കി ദിവസങ്ങൾ തള്ളിവിടുന്ന എത്രയെത്ര കുടുംബങ്ങൾ നമുക്കു ചുറ്റുമുണ്ട്. മണവാട്ടിയുടെ മുഖത്തിട്ട മേക്ക്അപ്പ് മായുന്നതിനുമുമ്പ്, വിരുന്നുകാർ ആസ്വദിച്ചു കഴിച്ച വിഭവങ്ങളുടെ രുചി മറയും മുമ്പ് കുടുംബകലഹം മൂലം രക്തത്തിൽ കുളിച്ച് മരിച്ച് വിറങ്ങലിച്ച നവവധുവിന്റെ ശരീരവും മലയാളിക്ക് പരിചിതമാണല്ലോ.

കുടുംബജീവിതത്തിൽ ഒട്ടേറെ താളപ്പിഴകളും സംഘർഷങ്ങളും ശീതസമരങ്ങളും അനുഭവിക്കുന്ന ഹതഭാഗ്യർ നമ്മുടെ സമൂഹത്തിൽ ഒട്ടും കുറവല്ല. പണ്ടും ഇതൊക്കെ ഉണ്ടായിരുന്നില്ലേ എന്നു ചോദിക്കാം. ഉണ്ടായിരുന്നു ഒരു രീതിയിൽ. പക്ഷേ, ഇപ്പോഴത്തെ അണുകുടുംബങ്ങളിൽ ഉണ്ടാകുന്ന സംഘർഷം നഗരത്തിലെ ഒറ്റപ്പെട്ട ഫ്ളാറ്റുകളിൽ പൊട്ടിത്തെറിക്കുന്നതുപോലെ ആയിരുന്നില്ല എന്നു പറയാം. സ്ഫോടനാത്മകമായ സന്ദർഭങ്ങളെ നിർവീര്യമാക്കാനും വലിച്ചെടുക്കാനും കഴിയുന്ന ഒരു വിശാല കുടുംബവും സാമൂഹികാന്തരീക്ഷവും മതബോധവും കൂടുതൽ മുൻപ് ഉണ്ടായിരുന്നു. ഭാര്യയുടെയും ഭർത്താവിന്റെയും ചുമതലകളും പരസ്പരബന്ധവും, ഓരോരുത്തരും എടുക്കേണ്ട റോളും കുടുംബത്തിലെ ഓരോ അംഗത്തിന്റെയും സ്ഥാനവും എല്ലാം വളരെ കാര്യമായി നിർവ്വചിക്കപ്പെട്ടിരുന്ന ആ കാലത്ത് സംഘർഷങ്ങൾ പരിഹരിക്കാൻ കുറെക്കൂടി എളുപ്പമായിരുന്നു. 'സുഖം' എന്ന വാക്കിന്റെ അർത്ഥം ഇന്നത്തേതിൽ നിന്നു വളരെ വ്യത്യസ്തമായിരുന്നു. "കെട്ടിച്ചുവിട്ട വീട്ടിൽ പെണ്ണിന് സുഖമാണോ" എന്ന് അന്നും എല്ലാവരും ചോദിച്ചിരുന്നു. വലിയ അല്ലലില്ലാതെ ഉണ്ണാനും ഉടുക്കാനുമുള്ള വകയും കിടക്കാനൊരിടവും അധികം പീഡിപ്പിക്കാത്ത അമ്മാവിഅമ്മയും ഭർത്താവുമുണ്ടെങ്കിൽ പെണ്ണിന് സുഖം എന്നു തന്നെയായിരുന്നു ഉത്തരം. ധാരാളം വീട്ടുജോലിയും കുറച്ചൊക്കെ നാത്തൂൻപോരും അമ്മാവിയമ്മയുടെ കുത്തുവർത്തമാനങ്ങളും അധികം മിണ്ടാട്ടമില്ലാത്ത ഭർത്താവും ഒന്നും ആ 'സുഖ'ത്തെ നിഹനിച്ചിരുന്നില്ല. പത്തുമുതൽ പതിനെട്ടുവരെ മക്കളെ പെറ്റുകൂട്ടി, പോറ്റിവളർത്തിയതും ആ 'സുഖ'ത്തെ ബാധിച്ചില്ല (ഈ പഴയ കുടുംബചിത്രത്തെ ന്യായീകരിക്കയല്ല, സാമൂഹിക യാഥാർത്ഥ്യത്തെ വിവരിക്കുകയാണ് ഇവിടെ).

ഇപ്പോൾ 'സുഖ'ത്തിന്റെ നിർവ്വചനങ്ങളൊക്കെ മാറിയല്ലോ. ഭാര്യയ്ക്കും ഭർത്താവിനും വേറെവേറെ വരവെത്ര, വീട് അല്ലെങ്കിൽ ഫ്ളാറ്റ് എത്ര വലുത്, ഇന്റീരിയർ ഡെക്കറേഷൻ ആരു നടത്തി, കാർ എത്ര, ഏത് തരം, ഉല്ലാസയാത്ര ഏതൊക്കെ രാജ്യത്തേക്ക്, എത്ര തവണ, ഷോപ്പിങ്ങ് എവിടെ, ഏതാണ് ഇഷ്ടമുള്ള റിസോർട്ട്, കുട്ടി (കൾ) ഏത് സ്കൂളിൽ പഠിക്കുന്നു, എത്ര ഹൗസ് മെയ്ഡ്സ് തുടങ്ങി ദാമ്പത്യ ലൈംഗികതയുടെ സ്വകാര്യതകളിലേക്ക് വരെ നീളുന്ന ഒരിക്കലും അവസാനിക്കാത്ത ചോദ്യങ്ങളാണ് സുഖത്തെ നിർവ്വചിക്കുന്നത്. 'സുഖമാണോ' എന്ന ചോദ്യത്തിന് 'അങ്ങനെയൊക്കെ പോകുന്നു' എന്നല്ലാതെ തൃപ്തിയെന്ന് ഒരിക്കലും പറയാൻ കഴിയുന്നില്ല. ഇവിടെ സംഘർഷത്തിനും വിസ്ഫോടനത്തിനും വലിയ കാരണം വേണമെന്നില്ല. ഭൗതികമായ സുഖസൗകര്യാദികളുടെ കാര്യമെടുത്താൽ പഴയ തലമുറയിലെ മാതാപിതാക്കളേക്കാൾ

ഭാഗ്യവാന്മാരും ഭാഗ്യവതികളുമാണ് പുതിയ തലമുറ എന്ന് നിസ്സംശയം പറയാം. എന്നിട്ടുമെന്തേ നമുക്കൊരു തൃപ്തിയില്ലാത്തത്? അവിടെയാണ് ഉപഭോഗസംസ്കാരം എന്നൊക്കെ തർജ്ജിമ ചെയ്യുന്ന ആഗോള കൺസ്യൂമർ കൾച്ചറിന്റെ അങ്ങാടി പ്രഭാവം (ഹൈപ്പർ മാർക്കറ്റ്, സൂപ്പർ മാർക്കറ്റ് / മാൾ) നാം കാണുന്നത്. എത്രയെടുത്താലും വീണ്ടും വീണ്ടും തെരഞ്ഞെടുക്കാൻ സുഖസംവർദ്ധക വസ്തുക്കൾ, എത്ര മനസ്സടക്കിയാലും വീണ്ടും വീണ്ടും നമ്മെ പ്രലോഭിപ്പിക്കുന്ന മാസ്മരിക ലോകങ്ങൾ. സ്വർണ്ണക്കടകളും പട്ടുപ്രപഞ്ചങ്ങളും ഉൽഘാടനം ചെയ്യാൻ മതമേലദ്ധ്യക്ഷന്മാരും രാഷ്ട്രീയ നേതാക്കളും സൂപ്പർതാരങ്ങളുമായി തോളുരുമ്മി നിൽക്കുന്നു. സുഖത്തിന് അതിർത്തി കുറിച്ചിട്ടില്ല. സുഖവും സന്തോഷവും തമ്മിലുള്ള മൗലികമായ വ്യത്യാസം നാം തിരിച്ചറിയുന്നില്ല.

ഈ പുതിയ സാഹചര്യങ്ങളിൽ സാമ്പ്രദായിക കുടുംബ വ്യവസ്ഥ തകരാറിലാകുന്നത് സ്വാഭാവികം മാത്രം. പക്ഷേ, കുടുംബം എന്ന ആശയത്തെ അതിന് ആവശ്യമായ പുതിയ മാറ്റങ്ങളോടെ സംരക്ഷിച്ചില്ലെങ്കിൽ പാശ്ചാത്യ സംസ്കാരത്തിനു കഴിഞ്ഞ ഏതാനും ദശകളിൽ സംഭവിച്ചതും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ദുര്യോഗം നമുക്ക് താമസിയാതെ ഉണ്ടാകും. എന്തായിരിക്കണം നമ്മുടെ പുതിയ കുടുംബ മാതൃക എന്നാവണം നമ്മുടെ ചോദ്യം.

ക്രിസ്തീയ കുടുംബം സ്ഥാപിക്കപ്പെടുന്നത് അതിന്റെ മാത്രം ഭൗതികമായ സൗഭാഗ്യത്തിനുവേണ്ടിയല്ല, ലോകത്തിന്റെ നന്മയ്ക്കും, മനുഷ്യവർഗ്ഗത്തിന്റെ ആരോഗ്യകരമായ തുടർച്ചയ്ക്കും നീതിയുടെയും സത്യത്തിന്റെയും പരിപാലനത്തിനുമാണ്. നല്ല കുടുംബം ലോകത്തിനും ദൈവത്തിന്റെ സകല സൃഷ്ടിക്കും അനുഗ്രഹകാരണമാണ്.

ഇപ്പോൾ ഉണ്ടാകുന്ന മാറ്റങ്ങളെ തിരിച്ചറിയാനും അംഗീകരിക്കാനും നമ്മുടെ സമൂഹം വളരെ മടികാണിക്കുന്നുണ്ട്. പല കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. എങ്കിലും ഒരുദാഹരണം മാത്രമെടുക്കാം. ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ ഉയർന്ന സ്ത്രീ വിമോചന പ്രസ്ഥാനം അതിശക്തമായിത്തീർന്ന് മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിച്ചു. ആൺകോയ്മയുടെ വൻകോട്ടകളെല്ലാം അത് ഇടിച്ചുനിരത്തിക്കൊണ്ടിരിക്കുന്നു. എങ്കിലും കുടുംബ വ്യവസ്ഥയിൽ പുരുഷാധിപത്യം എന്ന പഴയ ചിന്തയിലാണ് നമ്മുടെ നല്ല വിദ്യാഭ്യാസമുള്ള മിക്ക ആൺകുട്ടികളും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. പൂമുഖത്ത് ചാരിക്കിടന്ന് പത്രങ്ങളായ പത്രങ്ങളൊക്കെ വായിക്കുന്ന ഭർത്താവിന് അതിരാവിലെ എഴുന്നേറ്റ് വീട്ടുജോലികൾ തുടങ്ങുന്ന ഭാര്യ ചായ കൊടുക്കുന്ന ക്ലാസിക്കൽ ചിത്രത്തെ മായിക്കാൻ എളുപ്പമല്ല. ഭാര്യയും ഭർത്താവും ഒരുപോലെ വിദ്യാഭ്യാസയോഗ്യതയുള്ളവരും ഉദ്യോഗസ്ഥന്മാരും (ഭാര്യയ്ക്ക് ഭർത്താവിനേക്കാൾ മൂന്നിരട്ടി നാലിരട്ടി ശമ്പളവുമാകാം) ആണെങ്കിലും, പുതിയൊരു കുടുംബ



മാതൃക പലർക്കും അചിന്ത്യമാണ്. യുവതിയായ ഭാര്യ പുതിയ ഫെമിനിസ്റ്റ് അവബോധം പ്രാപിക്കയും ഭർത്താവ് പഴയ (അ) ബോധത്തിൽ നിലനിൽക്കുന്നതും ചെയ്താൽ, സംഘർഷം തുടങ്ങിക്കഴിഞ്ഞു.

ഫെമിനിസ്റ്റ് ചിന്തയിലെ മുഖ്യ ആശയങ്ങളിലൊന്ന്, സ്ത്രീയുടെ ശരീരത്തിന്റെ ഉടമസ്ഥാവകാശം സ്ത്രീക്ക് തന്നെ എന്നതാണ്. സ്ത്രീശരീരത്തെ കച്ചവടച്ചരക്കാക്കാനും വിലപേശാനും പുരുഷന്റെ ഇഷ്ടംപോലെ കൈമാറ്റം ചെയ്യാനും പാടില്ല. ദാമ്പത്യബന്ധത്തിലാണെങ്കിലും സ്ത്രീക്ക് അവളുടെ ശരീരത്തെയും അതിന്റെ താളക്രമങ്ങളെയുംകുറിച്ച് നേരിട്ടുള്ള അറിവും അവയുടെമേലുള്ള അവളുടെ പൂർണ്ണ അധികാരവും ബഹുമാനിക്കപ്പെടണം. സ്ത്രീയെ അപമാനിക്കുന്നതിനും ഉപഭോഗവസ്തുവാക്കുന്നതിനും പുരുഷനു കിട്ടുന്ന ലൈസൻസല്ല വിവാഹം.

പഴയ രീതിയിലുള്ള ആൺകോയ്മയെ പിൻതാങ്ങാൻ പലരും മതത്തെയും പള്ളിയെയും ഉപയോഗിക്കും. എങ്കിലും ബൈബിളിൽ നാം കാണുന്നതെന്താണ്? പുരുഷനും സ്ത്രീയും ഒരുപോലെ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്; പുരുഷന് കൂട്ടാളിയായി (അടിമയായിട്ടല്ല) സ്ത്രീയെ സൃഷ്ടിച്ചു; 'അവരിരുവരും ഒരു ശരീരമായിത്തീരും' എന്ന് ഉൽപ്പത്തി പുസ്തകം പറഞ്ഞതിനെ വ്യാഖ്യാനിച്ചുകൊണ്ട് ക്രിസ്തു പറഞ്ഞു: "ദൈവം ഒന്നിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്." വിശുദ്ധ പൗലോസ് അപ്പോസ്തോലൻ ഭാര്യാഭർത്താക്കന്മാരെ പ്രബോധിപ്പിച്ചു: "ക്രിസ്തുവിനോടുള്ള ബഹുമാനം നിമിത്തം നിങ്ങൾ പരസ്പരം കീഴ്പ്പെടുവിൻ." ബൈബിളിൽ ധാരാളം പുരുഷാധിപത്യ സൂചനകൾ ഉണ്ട് എന്ന് മറക്കരുത്. അന്നത്തെ സമൂഹത്തിന്റെ അവസ്ഥയെ കാണിക്കുന്നതാണ് അത്.

പുതിയ മനുഷ്യരാശിയെ സംബന്ധിച്ചുള്ള ക്രിസ്തീയ ദർശനത്തിന്റെ കാതൽ പുരുഷാധിപത്യമല്ല. ഭാര്യയും ഭർത്താവും തമ്മിൽ പരസ്പര ബഹുമാനത്തിലും കൂട്ടായ പ്രവർത്തനത്തിലും സൗഹൃദത്തിന്റെ വേഴ്ച്ചയിലും, സമത്വബോധത്തിലും പരസ്പരമുള്ള

കഥ

# 'പീലാത്തോസ് കൈകൾ കഴുകി'

**പീത്തോമ**

കാലാച്ചേരി തറവാട് പണിക്കർ സ്ഥാനികളുടേതാണ്. ആയുധാഭ്യാസക്കളരിയായിരുന്നു തറവാടിന്റെ മഹിമയും മേന്മയും. തറവാട്ടുകാരണവന്മാർ കളരിഗുരുക്കളായിരുന്നതിനാൽ നാട്ടുപ്രമാണികളും ദേശവാഴിയുമായിരുന്നു. ദേശത്തെ ദേവാലയങ്ങളുടെ സംരക്ഷണകർത്തവ്യം മൂലം അവിടെ നിന്നൊക്കെ അഞ്ചേകാലും കോപ്പും പോലുള്ള അവകാശങ്ങളുണ്ടായിരുന്നു കാലാച്ചേരിപ്പണിക്കർ കാരണവർക്ക്.

പിന്നെപ്പിന്നെ കളരിയും ആയുധാഭ്യാസവും നിന്നുപോയി. രാജാവിന് സംഘടിതമായ പട്ടാളവും പോലീസും ഉണ്ടായി. ഒടുവിൽ രാജഭരണവും പോയി. ജനാധിപത്യം വന്നു. കാലാച്ചേരിക്കാരുടെ പ്രാമാണ്യം ഇല്ലാതായി. ആയുധാഭ്യാസക്കളരിയുടെ സ്ഥാനത്ത് ആശ്രിതരിലൊരാൾ നിലത്തെഴുത്തുകളരി തുടങ്ങി. കളരിയിലെ മുത്തപ്പൻകോവിലിൽ അടിച്ചുതളിയും നിത്യവൃത്തിയും മുടങ്ങി. നിലത്തെഴുത്താശാന്റെ പിന്മുറക്കാർ അവിടെ ഇങ്ഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങി.

തറവാട്ടിലെ അംഗങ്ങൾ കരമൊഴിവായി കിട്ടിയിരുന്ന പറമ്പുകളിൽ വെവ്വേറെ വീടു വച്ച് പിരിഞ്ഞ് താമസം തുടങ്ങി. പല കുടുംബങ്ങളിലെയും അംഗങ്ങൾ ഉപജീവനാർത്ഥം അന്യനാടുകളിൽ ചേക്കേറി.

തറവാട്ടിൽ സ്വത്തുതർക്കമുണ്ടായി. ഭൂമിയെല്ലാം ഭാഗം ചെയ്യേണ്ടിവന്നു. ഭാഗം കിട്ടിയവരിൽ പലരും വിറ്റുപെറുക്കി നാടുവിട്ടു. ഭാഗപത്രപ്രകാരം കളരിയുടെ ഭാഗം ഒരു ശാഖയ്ക്കു കിട്ടി. പക്ഷേ, അവിടത്തെ കളരിയിലെ മുത്തപ്പൻ കോവിലിന്റെ നിത്യകർമ്മങ്ങൾക്കും മറ്റുമായി തറവാട്ടുകാരണവരുടെ കൈകാര്യകർത്തൃത്വം ആരും വിലക്കിയില്ല.

ഭാഗം നടന്നപ്പോഴുണ്ടായിരുന്ന കാരണവരുടെ കാലശേഷം കാരണവസ്ഥാനത്തിന്റെയും ദേവാലയങ്ങളിൽനിന്നുള്ള അവകാശങ്ങളുടെയും കളരിയുടെയും മുത്തപ്പൻകോവിലിന്റെയും അവകാശത്തിന്റെയും പേരിൽ ശാഖാകുടുംബങ്ങളിലെ നായകന്മാർ തമ്മിൽ തർക്കമുണ്ടായി. കളരിയിടത്തിലെ ഇങ്ഗ്ലീഷ് മീഡിയം സ്കൂൾ ഉടമയും തർക്കത്തിൽ കക്ഷി ചേർന്നു. കളരിമുത്തപ്പന്റെ ഉത്സവവും മറ്റും നാട്ടുകാരുടെ പങ്കാളിത്തത്തോടെ ആയിരുന്നതുകൊണ്ട് നാട്ടുകാരും ഓരോ അവകാശികളുടെ പക്ഷം ചേർന്നു. കാലാച്ചേരി പ്രശ്നം നാട്ടുകാരുടെ പ്രശ്നമായി. അവകാശത്തർക്കത്തിൽ ചില നാട്ടുമദ്ധ്യസ്ഥന്മാർ പരിഹാരനിർദ്ദേശങ്ങൾ വച്ചു. എന്നാൽ കക്ഷികൾ നാട്ടുകാരുടെ പിൻബലത്തോടെ അതിനെ ചെറുത്തു. കാലാച്ചേരിപ്രശ്നം നാട്ടിൽ ക്രമ

---

പിന്താങ്ങലിലും മാത്രമേ നല്ല ക്രിസ്ത്രീയ കുടുംബം വളരുകയുള്ളു. ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹവും വിശാലമായ മനുഷ്യസ്നേഹവും ആണ് ക്രിസ്തീയ കുടുംബത്തിന് ദിശാബോധം നൽകുന്നത്. ലോകനന്മയ്ക്കുവേണ്ടി, ദൈവസൃഷ്ടിയുടെ അനുഗ്രഹത്തിനും അഭിവൃദ്ധിക്കുംവേണ്ടി എന്ന ചിന്തയിലാവണം കുട്ടികളെ ജനിപ്പിക്കുന്നതും അവരെ വളർത്തുന്നതും. ഭൗതികമായ ലക്ഷ്യങ്ങൾ ഒരളവിൽ കഴിഞ്ഞാൽ, അത് കുടുംബത്തെ നശിപ്പിക്കും. സ്വാർത്ഥസുഖത്തിൽ മാത്രം കണ്ണുവയ്ക്കുന്ന സ്ത്രീയോ, പുരുഷനോ ദാമ്പത്യത്തെ കളങ്കപ്പെടുത്തുകയും, ലോകത്തിന് ശാപമായി ത്തീരുകയും ചെയ്യും. ഇന്ന് കൊണ്ടാടപ്പെടുന്ന മിക്ക സ്വതന്ത്രസഹവാസങ്ങളും അതിനപ്പുറം പോകുന്നില്ല.

"വിവാഹ ജീവിതത്തിലെ തപോനിഷ്ഠ" (Asceticism of marriage) എന്നൊരു പ്രയോഗം ചില പൗരസ്ത്യ ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞർ ഉപയോഗിക്കാറുണ്ട്. നല്ല സന്യസ്തർ എങ്ങിനെയാണോ ഭൗതിക ലോകത്തിന്റെ ക്ഷണികവശ്യതകളെ ക്രിസ്തുവിൽ വേരൂന്നിയ തങ്ങളുടെ ആത്മീയ ലക്ഷ്യവും ദർശനവും മൂലം മറികടക്കുന്നത്, അതുപോലെ കുടുംബജീവിതം നയിക്കുന്നവരും ത്യാഗം, സ്നേഹം, ദാനം, വിശ്വസ്തത തുടങ്ങിയ മൂല്യങ്ങളിലുള്ള തപോനിഷ്ഠ മൂലം, തിന്മയുള്ള ഈ ലോകവ്യവസ്ഥയ്ക്ക് നന്മയുടെ ബദലുകൾ സൃഷ്ടിക്കുന്നു എന്നാണ് അതിന്റെ വിശാലമായ അർത്ഥം. നമ്മുടെ മാധ്യമങ്ങളും പരസ്യങ്ങളും കൺസ്യൂമറിസവും മറ്റും സൃഷ്ടിക്കുന്ന ലോകത്തിന്റെ വഞ്ചനകളെ തിരിച്ചറിയാൻ സഹായിക്കുന്ന കുടുംബജീവിത ശൈലിയാണത്. വിശ്വസ്തതയിലും സ്നേഹത്തിലും പരസ്പര ബഹുമാനത്തിലും കൂട്ടാളിത്തത്തിലും കഴിയുന്ന ഒരു കുടുംബത്തിൽ ഭാര്യയും ഭർത്താവും ഒത്തിരിയേറെ ത്യാഗവും കഷ്ടപ്പാടും അനുഭവിക്കേണ്ടി വന്നേക്കാം. കുട്ടികളെ പോറ്റിവളർത്തി, നല്ല മൂല്യങ്ങളിൽ പരിപോഷിപ്പിച്ച്, മനുഷ്യരാക്കുക എന്ന ത്യാഗപൂർണ്ണവും അതീവ ദുഷ്കരവും, എന്നാൽ അതിശ്രേഷ്ഠവുമായ ജോലിയിൽ പ്രവേശിക്കാൻ നല്ല 'തപോനിഷ്ഠ'യുള്ള സ്ത്രീ പുരുഷന്മാർക്കേ കഴികയുള്ളൂ. കുടുംബജീവിതത്തിന്റെ അത്രയും ത്യാഗവും വേദനയും ക്ലേശവും ദുഃഖവും ഒരു പക്ഷേ മിക്ക അവിവാഹിതർക്കും സന്യസ്തർക്കും അനുഭവിക്കേണ്ടിവരികയില്ല. 'ഈ യാഗമാണ് പ്രപഞ്ചത്തിന്റെ ചുഴികുറ്റി' (അയം യജ്ഞോ ഭുവനസ്യ നാഭി) എന്ന വേദസൂക്തം നല്ല കുടുംബ ജീവിതമെന്ന യാഗം അനുഷ്ഠിക്കുന്ന മനുഷ്യരെ കാണുമ്പോൾ ഓർത്തുപോയാൽ അത് അസ്ഥാനത്തല്ല.



സമാധാനപ്രശ്നമായി. അധികാരികൾക്ക് തലവേദനയും.

ഒടുവിൽ കച്ചേരിയിൽ വ്യവഹാരമായി. തീർപ്പുകൾ മേൽകച്ചേരികളിൽ ചോദ്യം ചെയ്യപ്പെട്ടു. തോറ്റും ജയിച്ചും വ്യവഹാരം നീളവേ എല്ലാ പക്ഷത്തുമുള്ളവർ ഉത്തരവുകൾ നടപ്പാക്കുന്നതിനെ മുഷ്ടികൊണ്ട് തടയുന്നതായി കച്ചേരിക്കു മനസ്സിലായി. ഒരു മദ്ധ്യസ്ഥതീരുമാനത്തിന് സാദ്ധ്യതയില്ലേ എന്ന് കച്ചേരി തിരക്കി. മുമ്പൊക്കെ നാട്ടുപ്രമാണിമാർ തർക്കങ്ങളിൽ ഉണ്ടാക്കുന്ന തീരുമാനം അനുസരിച്ചില്ലെങ്കിൽ നാട്ടിൽ പൊറുക്കാനാകില്ലെന്ന് ആർക്കും അറിയാമായിരുന്നു. രാജശക്തി പോലും നാട്ടുമര്യാദയെ ഭയന്നിരുന്നു. എന്നാൽ കച്ചേരികളുടെ ഉത്തരവുകൾ പോലും കാറ്റിൽ പറക്കുമ്പോൾ മദ്ധ്യസ്ഥതീരുമാനത്തിന്റെ ഗതി എന്തായാലും തങ്ങൾ തത്ക്കാലം പുലിവാലു പിടിക്കേണ്ടതില്ലോ എന്നായിരുന്നു കച്ചേരിയുടെ ഉള്ളിലിരിപ്പ്. കച്ചേരി ഭരണസംവിധാനങ്ങൾ പരാജയപ്പെട്ടിരിക്കുന്നതുകൊണ്ടാണോ ഇപ്രകാരം നിർദ്ദേശിച്ചതെന്ന് ആരും കച്ചേരിയിൽ ചോദിച്ചില്ല. നീതിക്കായി കാശിനു വാദിക്കുന്നവരും തങ്ങളുടെ കക്ഷിക്കു വേണ്ടി അതുന്നയിച്ചില്ല. പുറത്താരും അക്കാര്യം മിണ്ടിയില്ല. കച്ചേരിയലക്ഷ്യത്തിനു നടപടി ഉണ്ടായാലോ എന്ന പേടി. കാട്ടുനീതിയിലേക്കാണ് പോക്കെന്ന് ചിലർ അടക്കം പറഞ്ഞു. അതു ശരിയെന്ന് കച്ചേരിയകത്തളങ്ങളിൽ സംസാരമുണ്ടായി.

മദ്ധ്യസ്ഥന്മാരുടെ തീരുമാനങ്ങളും കച്ചേരിയിൽ തന്നെ ചോദ്യം ചെയ്യപ്പെട്ടു. തുടർന്ന് വ്യവഹാരം പരമോന്നത കച്ചേരിയിലെത്തി. ഏറെക്കാലം അതവിടെ നിരങ്ങി നീങ്ങി. വ്യവഹാരക്കച്ചേരിച്ചെലവും കക്ഷികളുടെ പ്രതിനിധികളുടെ കൂലിയും ചെലവും ഒക്കെയായി നീതി കിട്ടുവാൻ കക്ഷികൾ ഏറെ ധനം ചെലവിട്ടു. ഒടുവിൽ കാലാച്ചേരിപ്രശ്നത്തിൽ വിധി പറയുന്ന ദിനം വന്നു. നാട്ടിൽ ക്രമസമാധാനപാലനത്തിന് അധികാരികൾ മുൻകൂട്ടി ഒരുക്കങ്ങൾ ചെയ്തു. ഒടുവിൽ മല പെറ്റു. കാലാച്ചരിപ്രശ്നത്തിൽ തീരുമാനം പുറത്തുവന്നു.

കാലാച്ചേരി കാരണവർക്കാണ് ദേവാലയങ്ങളിലെ അഞ്ചേകാലിനും കോപ്പിനും മറ്റും അവകാശം. കാരണവരുടെ സംരക്ഷണത്തിലും കർത്തൃത്വത്തിലും കളരിമുത്തപ്പൻകോവിൽ തുടരും. അവിടത്തെ ഉത്സവാഘോഷങ്ങളിൽ നാട്ടുകാർക്ക് അവകാശങ്ങളുണ്ട്. ആയുധാഭ്യാസക്കളരി ഇരുന്ന സ്ഥലം അതിന്റെ ഭാഗപത്രപ്രകാരമുള്ള അവകാശിയുടേതാണ്. എന്നാൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ കൈവശക്കാരന് സ്കൂൾ നടത്തുന്ന കാലം വരെ അതിന് അവകാശമുണ്ടായിരിക്കും.

ദീർഘനാളത്തെ വ്യഹാരത്തിനൊടുവിൽ ബന്ധപ്പെട്ടവർക്കെല്ലാം അവകാശങ്ങൾ ലഭിച്ചതിനാൽ ക്രമസമാധാനഭംഗം ഉണ്ടായില്ല. ഉത്തമമായ തീരുമാനമെന്ന് ഘോഷമുണ്ടായി.

ആയുധക്കളരിയുണ്ടായ കാലം മുതൽ അവിടത്തെ പരികർമ്മികളും കൂലാച്ചേരിക്കാരുടെ ആശ്രിതരുമായിരുന്ന കുടുംബത്തിലെ കാരണവർ വിധി അറിഞ്ഞപ്പോൾ ഒട്ട് തന്നത്താനെയും ഒട്ട് ഉറക്കെയുമായി പറഞ്ഞു: 'കഷ്ടമായിപ്പോയി! ഞങ്ങളും കക്ഷി ചേർന്നിരുന്നെങ്കിൽ ഒരു വീതം കിട്ടിയേനേ. അവകാശത്തർക്കത്തിൽ കച്ചേരി ഇങ്ങനെ തീരുമാനിക്കുമെന്ന് കരുതിയില്ലല്ലോ, ദൈവമേ.' അപ്പോൾ തൊട്ടടുത്ത പള്ളിയിൽ നിന്ന് ശബ്ദം ഉയർന്നു കേട്ടു: 'പീലാത്തോസ് കൈകൾ കഴുകി.'

**Compiled & Edited by Joice Thottackad on behalf of Gregory of India Study Centre for the glory of God and for the benefit of humankind. Managing Editor: Joice Thottackad.**